**<u>പത്രപ്രസ്താവന</u>**
ഭാരതീയ റിസർവ്വ് ബാങ്ക്

വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 6, 2017

**1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം, വകുപ്പ് 35A പ്രകാരമുള്ള ഡയറക്ഷൻസ് - RS സഹകരണ ബാങ്ക് ലിമിറ്റഡ്, മുംബൈ, മഹാരാഷ്ട്ര**

ജൂൺ 24, 2015ലെ ഉത്തരവ് പ്രകാരം RS സഹകരണ ബാങ്കിനെ (മുംബൈ, മഹാരാഷ്ട്ര)2015 ജൂൺ 26 ലെ ഇടപാടുകൾ അവസാനിക്കുന്ന സമയം മുതൽ ഡയറക്ഷനു കീഴിൽ നിലനിർത്തിയിരിക്കുകയായിരുന്നു. ഇതിന്റെ കാലാവധി കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഡയറക്ടീവിൽ കൂടി ദീർഘിപ്പിക്കുകയും അവസാനമായി 2016 സെപ്റ്റംബർ 22 ലെ ഡയറക്ടീവ് വഴി 2017 മാർച്ച് 25 വരെ പുനരവലോകനത്തിനു വിധേയമായി കാലാവധി ദീർഘിപ്പിക്കുകയും ചെയ്തു.

RS സഹകരണ ബാങ്കിന് 2015 ജൂൺ 24 ന് നൽകിയതും കാലാകാലങ്ങളിൽ മാറ്റങ്ങൾ വരുത്തിയതുമായ ഡയറക്ഷൻ 2017 ജനുവരി 31 ലെ ഡയറക്ടീവ് പ്രകാരം ഭാഗികമായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു എന്നും അത് പുനരവലോകനത്തിനു വിധേയമായി 2017 മാർച്ച് 25 വരെ ബാങ്കിന് ബാധകമായിരിക്കുമെന്നും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

i) വായ്പാ കരാറിന്റെ വ്യവസ്ഥയിൽ ഇടപാടുകാരന്റെ നിക്ഷേപതുക, വായ്പ തിരിച്ചടക്കുന്നതിലേക്ക് ഉപയോഗിക്കമെന്ന വ്യവസ്ഥ ഉണ്ടെങ്കിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അത്തരം ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

a) നിക്ഷേപതുക വായ്പയിലേക്ക് മാറ്റുന്ന ദിവസം ഇടപാടുകാരന്റെ അക്കൗണ്ട് KYC അനുസൃതമായിരിക്കണം.

b) ഗാരന്റർ, ജാമ്യക്കാർ അതുപോലുള്ള മറ്റു കക്ഷികൾ എന്നിവരുടെ നിക്ഷേപം ഈ ആവശ്യത്തിന് ഉപയോഗിക്കുവാൻ പാടില്ല.

c) വായ്പ നിഷ് ക്രിയ ആസ്ഥി ആസ്തി ആകാൻ സാധ്യതയുള്ള അവസരത്തിൽ നിക്ഷേപകന്റെ സമ്മതത്തിനായി നോട്ടീസ് നൽകിക്കൊണ്ട് നിക്ഷപതുക വായ്പയിലേക്ക് മാറ്റാവുന്നതാണ്. അതേസമയം കാലാകാലങ്ങളിൽ മുടക്കമില്ലാതെ തിരിച്ചടവുള്ള വായ്പാ അക്കൗണ്ടിലേക്ക് നിക്ഷേപം ക്രമീകരിക്കുന്നതിനു മുമ്പ് നിക്ഷേപകന്റെയും വായ്പ എടുത്ത വ്യക്തിയുടെയും രേഖാമൂലമുള്ള സമ്മതപത്രം ആവശ്യമാണ്.

d) കോടതിയോ മറ്റു നിയമപരമായ സ്ഥാപനങ്ങളോ പുറപ്പെടുവിക്കുന്ന അറ്റാച്ച്മെന്റ് ഉത്തരവുകൾ, നിരതദ്രവ്യതുക, ട്രസ്റ്റുകളുടെ നിക്ഷേപമോ മറ്റു കക്ഷികൾക്ക് അവകാശമുള്ള നിക്ഷേപം, എന്നീ നിയന്ത്രണ വിധേയമായ നിക്ഷേപങ്ങൾ വായ്പ തുകയിലേക്ക് വരവുവയ്ക്കുവാൻ പാടുള്ളതല്ല.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളും ദീർഘിപ്പിക്കലും സൂചിപ്പിച്ചുകൊണ്ടുള്ള 2017 ജനുവരി 31 ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഭാരതീയ റിസർവ് ബാങ്കിന്റെ ഈ നടപടി കാരണം ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ അഭിവൃദ്ധിയുണ്ടായെന്ന് റിസർവ് ബാങ്ക് കരുതുന്നു എന്ന് അർത്ഥമാക്കരുത്.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : **2016-2017/2102**